No. CEE/71/2020/3LLB-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2020-ലെ ത്രിവത്സര എൽഎൽ.ബി./ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി.കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷാ തീയതികൾ പ്രസിദ്ധീകരിച്ചു

2020-21 വർഷത്തെ ത്രിവത്സര എൽഎൽ.ബി/ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷ താഴെപ്പറയുന്ന ഷെഡ്യൂൾ പ്രകാരം നടത്തുന്നതാണ്.

| പരീക്ഷാ തീയതി | |
|---|---|
| **കോഴ്സ്** | **തീയതി** |
| ത്രിവത്സര എൽഎൽ.ബി | **25.04.2020** (ശനി) |
| ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി | **26.04.2020** (ഞായർ) |

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും ത്രിവത്സര എൽഎൽ.ബി/ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗ ത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം തന്നെ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് (**SC/ST** വിഭാഗക്കാർ മാത്രം), നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് (**SEBC/OEC/**മിശ്ര വിവാഹിതരുടെ മക്കൾക്ക്), വരുമാന സർട്ടിഫിക്കറ്റ് (SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർ), നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്താ ത്തവർക്ക് മാത്രം) എന്നിവ മുൻകൂറായി വാങ്ങി സൂക്ഷിക്കേണ്ടതും നിർദ്ദേശിക്കുന്ന സമയത്ത് അവ ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300**

Geetha

തിരുവനന്തപുരം
28 .01.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**